"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തരവകുപ്പ് - പോലീസ് ജീവനക്കാര്യം- ഡോ.അശ്വതി കൃഷ്ണൻ.കെ , അസിസ്റ്റന്റ് സർജൻ, കുടുംബാരോഗ്യകേന്ദ്രം, പറളി - കെ.എ.പി 2 ബറ്റാലിയൻ പോലീസ് ആശുപത്രിയിലെ അന്യത്രസേവനം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര(കെ)വകുപ്പ്

സ.ഉ.(സാധാ) നം.3876/2024/HOME തീയതി,തിരുവനന്തപുരം, 26-12-2024

---

പരാമർശം:-
1. 10.05.2013 -ലെ 42/2013/ധന നമ്പർ സർക്കുലർ
2. 28.11.2013 -ലെ സ.ഉ. (പി) നം.580/2013/ധന നമ്പർ
3. 06.02.2024-ലെ സ.ഉ(സാധാ)നം.407/2024/ആഭ്യന്തരം
4. ഡോ.അശ്വതി കൃഷ്ണൻ.കെ- യുടെ 27.08.2024- ലെ അപേക്ഷ
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.11.2024-ലെ ഇഎ3/23353/2023-ആവഡ നമ്പർ കത്ത്
6. സംസ്ഥാന പോലീസ് മേധാവിയുടെ 16.11.2024- ലെ എ8/146945/2023/പിഎച്ച്ക്യു നമ്പർ കത്ത്

<u>ഉത്തരവ്</u>

പാലക്കാട് കെ.എ.പി 2 ബറ്റാലിയൻ പോലീസ് ആശുപത്രിയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന പാലക്കാട് പറളി കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ.അശ്വതി കൃഷ്ണൻ.കെ-യുടെ അന്യത്രസേവന കാലാവധി 28.02.2025-ൽ അവസാനിക്കുന്നതിനെ തുടർന്ന് പ്രസ്തുത അന്യത്രസേവനം 01.03.2025 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിക്കുന്നതിനായി പരമാർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ പരമാർശം 5,6 പ്രകാരം യഥാക്രമം ആരോഗ്യവകുപ്പ് ഡയറക്ടറും സംസ്ഥാന പോലീസ് മേധാവിയും ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് കെ.എ.പി 2 ബറ്റാലിയൻ പോലീസ് ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്രസേവനം അനുഷ്ഠിച്ച് വരുന്ന ഡോ.അശ്വതി കൃഷ്ണൻ.കെ-യുടെ പ്രസ്തുത അന്യത്രസേവനം പരമാർശം 1 , 2 ഉത്തരവുകളിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 01.03.2025 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അന്യത്രസേവന കാലാവധിയ്ക്കുള്ളിൽ ഡോ.അശ്വതി കൃഷ്ണൻ.കെ-യ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയാണെങ്കിലോ, അന്യത്രസേവന കാലാവധിയ്ക്ക് ശേഷം അന്യത്ര സേവന കാലാവധി

ദീർഘിപ്പിച്ച് നൽകിയില്ലെങ്കിലോ ടിയാൾ അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ് . അല്ലാത്തപക്ഷം കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം 1- ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ജില്ലാ പോലീസ് മേധാവി,പാലക്കാട്
കമാണ്ടന്റ്,കെ.എ.പി 2 ബറ്റാലിയൻ,പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) , തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡോ.അശ്വതി കൃഷ്ണൻ.കെ, അസിസ്റ്റന്റ് സർജൻ,പോലീസ് ആശുപത്രി, കെ.എ.പി 2 ബറ്റാലിയൻ(ഡയറക്ടർ, ആരോഗ്യവകുപ്പ് മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 27-12-2024 10:48:55

മേലെഴുത്തു നം.ഇഎ3-23/2024ആവഡ തിയതി.02-01-2025

ഡോ.അശ്വതി കൃഷ്ണ കെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു സർക്കാർ ഉത്തരവായിട്ടുണ്ട് ആയതു അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by V. Gopakumar
ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി
Date: 02-01-2025 11:10:18